(തുക കോടിയിൽ)

വർഷം	വകയിരുത്തിയ തുക
2011-12	1406.28
2012-13	2176.66
2013-14	2643.2
2014-15	2733.53
2015-16	7686.32

കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ചെലവഴിച്ച തുക

49 (T*1520) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 ലെ ബഡ്ജറ്റിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിന് എത്ര തുക സംസ്ഥാന ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാന ഫണ്ടിന്റെ കുറവ് കേന്ദ്രാവിഷ്കൃത പദ്ധതികൾ പൂർത്തീകരിക്കുന്നതിന് തടസ്സമായിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) 2013-14 വർഷത്തിൽ എത്ര കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പാക്കാതെയോ പൂർത്തീകരിക്കാതെയോ വന്നിട്ടുള്ളത്; ആയതിന്റെ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2014-15-ൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയ 2753.53 കോടി രൂപയിൽ 31-3-2015 വരെയുള്ള താൽക്കാലിക കണക്കുപ്രകാരം 1565.056 കോടി രൂപ (57%) ചെലവഴിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 2013-14 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാത്തതും നടപ്പാക്കാത്തതുമായ പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി നൽകുന്നു.*

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala.Legislative Assembly